# കർത്താവിൽ ഉത്സാഹമുള്ളവരായിരിപ്പിൻ

റോമർ 12:11

"ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ."

റോമാലേഖനത്തിന്റെ ഈ അദ്ധ്യായം തുടങ്ങുന്നതു തന്നെ വലിയൊരു ആഹ്വാനവുമായാണ്. അതിന്റെ തുടർച്ചയെന്നോണം അവസാന വാക്യം വരെ; ഒരു യഥാർത്ഥ വിശ്വാസിയുടെ ജീവിതത്തെ ക്രിസ്തുവിന്നുവേണ്ടി എപ്രകാരം ക്രമപ്പെടുത്തണം എന്നു രേഖപ്പെടുത്തിയിരിക്കുന്നതായി നമുക്ക് കാണാം.

ഏതൊരു കാര്യവും അതിന്റെ പൂർണ്ണതയിൽ ചെയ്യുന്നതിന്നു ഒരു ഉത്സാഹം ഉണ്ടാകേണ്ടത് അനിവാര്യമാണ്. കാരണം നാം ചെയ്യുവാൻ പോകുന്നതിനോട് നമുക്ക് വലിയ താത്പര്യം ഇല്ലതെയാണ് ചെയ്യുന്നതെങ്കിൽ അത് ഒരു പക്ഷെ പാതിവഴിയിൽ നിന്നു പോകാൻ സാധ്യതയുണ്ട്. അതു തന്നെയാണ് ഈ വാക്യത്തിലും പൗലോസ് നമ്മോട് പറഞ്ഞുവെക്കുന്നത്. ക്രിസ്തുവിനെ അനുഗമിക്കുവാനും അവനെ നമ്മുടെ കർത്താവും രക്ഷിതാവുമായി ഏറ്റെടുത്ത് ജീവിക്കുവാനും തീരുമാനിച്ച ഒരു വ്യക്തി അവന്റെ ജീവിതത്തിൽ നിത്യത ലക്ഷ്യം വെച്ച് മുന്നേറുവാൻ അവനു അതിൽ ഒരു ഉത്സാഹം ഉണ്ടായിരിക്കേണ്ടത് വളരെ അവശ്യമായിരിക്കുന്ന ഒന്നാണ്. അത് ദിനംപ്രതി കുറഞ്ഞുപോകാതെ അതിൽ നിറഞ്ഞവരായി തീരണമെന്നാണ് ഈ ആഹ്വാനത്തിൽ പൗലോസ് ഉദ്ദേശിക്കുന്നത്.

മടുത്തുപോകരുത്; മറ്റെന്തിലും മടുത്തുപോയാലും നിങ്ങൾക്കു ക്രിസ്തുവിനോടും അവന് നമ്മിലുള്ള കർത്തൃത്വത്തിനോടും ഉള്ള ഉത്സാഹത്തിൽ മടുത്തുപോകാതെ ശ്രദ്ധിക്കണം, കാരണം അതു നമ്മെ പാതിവഴിയിൽ വെച്ച് കർത്താവിനെ ഉപേക്ഷിക്കുന്നവരായി മാറ്റും. ഒരുവൻ കർത്താവിനെ സേവിപ്പാൻ തീരുമാനിച്ചാൽ പിന്നെ അവന്റെ ജീവിതത്തിൽ അവനോ അവന്റെ മോഹങ്ങളോ അവനിൽ കർത്തൃത്വം നടത്താൻ പാടില്ല. അതു കർത്താവിന്നു നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കാനുള്ള അവസരത്തെയാണ് നാം ഇല്ലാതാക്കുന്നത്. അതു വഴി അവൻ നമുക്ക് കാര്യസ്ഥനായി തന്നിരിക്കുന്ന പരിശുദ്ധാത്മാവിന്നു നമ്മുടെ ജീവിതത്തിൽ നമ്മെ നയിക്കുവാനുള്ള അവസരം ഇല്ലാതെ പോകുകയും നാം നിത്യജീവന്റെ പാത വിട്ട് നരകവാതിൽക്കൽ എത്തിച്ചേരുവാൻ ഇടയായിത്തീരുകയും ചെയ്യും.

ഗലാത്യർ 5:24–25 ൽ ഇപ്രകാരം പറയുന്നു "ക്രിസ്തുയേശുവിന്നുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു. ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ അത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്ക."

ഇന്നു നാം ക്രിസ്തുവേശുവിനുള്ളവർ എന്നു പറയുന്നു അല്ലെങ്കിൽ ഉറെച്ചിരിക്കുന്നു എങ്കിൽ നാം നമ്മുടെ ജഡത്തെയും അതിന്റെ സകല രാഗമോഹങ്ങളെയും ക്രൂശിച്ചതിന്നു ശേഷം മാത്രമേ അതു സാധിക്കൂ. അല്ലാത്തപക്ഷം നമ്മിൽ അവശേഷിക്കുന്ന ജഡത്തിന്റെ ചില അഭിലാഷങ്ങൾ നമ്മെ വീണ്ടും പാപത്തിലേക്കു നയിക്കുവാൻ ഇടയായിത്തീരും. അങ്ങനെ നാം വീണ്ടും പാപത്തെയും സാത്താനെയും സേവിക്കുന്നവരും ക്രിസ്തുവിനെ വീണ്ടും ക്രൂശിക്കുന്നവരായും മാറ്റപ്പെടും.

ഒരു കാര്യം നാം ഓർത്തിരിക്കണം ക്രിസ്തുവിന്നു വേണ്ടി ജീവിക്കുക എന്നു പറയുന്നത് അതു വളരെ എളുപ്പവും ലളിതവുമാണെന്നു നാം വിച്ചാരിക്കരുത്. എപ്രകാരമാണോ ഒരു കായികതാരം തന്റെ കായികജീവിതത്തിൽ വളരെയേറെ യാതനകളും, കഷ്ടതകളും, പിന്തള്ളലുകളും ഒക്കെ അനുഭവിച്ചതിനു ശേഷം കഠിനപ്രയത്നം കൊണ്ട് മുന്നേറിവരുന്നത്, അതുപോലെയായിരിക്കണം ഒരു വിശ്വാസിയുടെ ജീവിതവും. നമ്മുടെ ജീവിതത്തിൽ ഓരോ നിമിഷവും നമ്മെ പിന്തള്ളാനും വിവിധ പ്രലോഭനങ്ങളിൽ അകപ്പെടുത്തി പാപത്തിൽ വീഴിക്കാനും ഒക്കെ സാത്താൻ തന്ത്രം മെനഞ്ഞ് കൂടെ കാണും. അതിനെയൊക്കെ തിരിച്ചറിഞ്ഞ് അതിജീവിച്ച് കർത്താവിന്റെ പാതയിൽ നിലനിന്ന് പിന്തുടരുന്നവനു മാത്രമേ ആ നിത്യതയിൽ അവനോടൊപ്പം ജീവിക്കുവാൻ സാധിക്കൂ. അതിന്നു നമ്മുടെ ഉത്സാഹം ഒട്ടും കുറഞ്ഞുപോകാൻ ഇടവരരുത്.

ദൈവവചനധ്യാനത്തിലൂടെയും നിരന്തരമായ പ്രാർത്ഥനയിലൂടെയും മാത്രമേ നമുക്ക് ഈ ഉത്സാഹം നിലനിർത്തിക്കൊണ്ടുപോകാൻ സാധിക്കൂ. കാരണം ഈ ലോകത്തിൽ നാം ഇന്നു കാണുന്ന ഒരു കാര്യവും ശാശ്വതമല്ല. അതു അഴിഞ്ഞുപോകുന്നതും നാശം സംഭവിക്കുന്നതുമായ കാര്യങ്ങളാണ്. എന്നാൽ പ്രാർത്ഥനയും ദൈവത്തിന്റെ ജീവനുള്ള വചനവും, അത് ശാശ്വതവും നമ്മെ നിത്യജീവങ്കലേക്കുള്ള പാതയിൽ പൂർണ്ണ ഉത്സാഹത്തോടു കൂടി നിലനിർത്തുന്നതും ആണ്. അത് നമുക്ക് നിത്യമായ ജീവൻ നൽകിത്തരുന്നതാണ്. ആയതിനാൽ കർത്താവിനെയും അവന്റെ വചനത്തെയും അവൻ നമുക്ക് നൽകിത്തന്നിരിക്കുന്ന

പരിശുദ്ധാത്മാവിനെയും അനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തി അവന്നോടുള്ള ഉത്സാഹത്തിൽ പൂർണ്ണതയുള്ളവരായിരിപ്പാൻ ശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

വെളിപ്പാട് 3:15-16

"ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു; നീ ഉഷ്ണവാനുമല്ല; ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും"

ബ്രദർ ബിനു ബേബി ആലപ്പുഴ 062